LIBRARY ARCHIVES Kerala Legislative Assembly

ശബരിമല വികസനത്തിനായി ദേവസ്വം ബോർഡ് ചെലവഴിച്ച തുക

16 [3470] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല വികസനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ശബരിമല വികസനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് എത്ര ഏക്കർ വസ്തു വിട്ടുകൊടുത്തിട്ടുണ്ട്?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശബരിമല വികസനത്തിന്റെ ഭാഗമായി നിലയ്ക്കലിൽ 110.524 ഹെക്ടർ സ്ഥലം കൈമാറുന്നതിനായി കേന്ദ്ര സർക്കാർ ചില നിബന്ധനകളോടെ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ 60.14 ഹെക്ടർ വനഭൂമിക്ക് അന്തിമ അംഗീകാരം നൽകി ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്. ബാക്കി 50.384 ഹെക്ടറിന് ആദ്യഘട്ടാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പെരിയാർ വന്യമൃഗ സങ്കേതത്തിൽപ്പെട്ട പമ്പാ സന്നിധാനം മേഖലയിലെ 12.675 ഹെക്ടർ വനഭൂമിക്ക് സുപ്രീം കോടതിയുടെ അനുമതി കൂടി ലഭിക്കുവാനുണ്ട്.

കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം ടൂറിസം മേഖലയാക്കി വികസിപ്പിക്കാൻ നടപടി

17 [3471] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം ടൂറിസം മേഖലയായി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.